**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1853** **31-08-2022 - ൽ മറുപടിയ്ക്ക്**

**അക്വാകൾച്ചർ ലൈസൻസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | ശ്രീ. വി. അബ്ദുറഹിമാൻ (മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | ഫിഷറീസ് വകുപ്പിൽ നിന്നും അക്വാകൾച്ചർ ലൈസൻസ് ലഭിക്കുന്നതിന് ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ സാക്ഷ്യപത്രം വേണമെന്ന സർക്കാർ ഉത്തരവ് നിലവിലുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ; | (എ) | ഫിഷറീസ് വകുപ്പിൽ നിന്നും അക്വാകൾച്ചർ ലൈസൻസ് ലഭിക്കുന്നതിന് ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ സാക്ഷ്യപത്രം വേണമെന്ന സർക്കാർ ഉത്തരവ് നിലവിൽ ഇല്ല. |
| (ബി) | ഏതൊക്കെ ജില്ലകളിൽ നിന്ന് അത്തരം സാക്ഷ്യപത്രം സഹിതം അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ഓരോ ജില്ലയിൽ നിന്നും എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ; | (ബി) | മൽസ്യകൃഷിയുമായി ബന്ധപ്പെട്ട അപേക്ഷകളിൽ ജില്ലാ പ്രിൻസിപ്പൽ അഗ്രിക്കൾച്ചർ ഓഫീസറുടെ സാക്ഷ്യപത്രം ഉള്ളടക്കം ചെയ്തിട്ടുള്ള അപേക്ഷകൾ ഒന്നും തന്നെ ജില്ലകളിൽ ലഭിച്ചിട്ടില്ല. |
| (സി) | ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർ സാക്ഷ്യപത്രം നൽകുന്നതിൽ നിയമപരമായ തടസ്സമുണ്ടോ; വിശദമാക്കുമോ? | (സി) | ജില്ലാ പ്രിൻസിപ്പൽ അഗ്രിക്കൾച്ചർ ഓഫീസർ മൽസ്യകൃഷിയുമായി ബന്ധപ്പെട്ട് സാക്ഷ്യപത്രം നൽകുന്നതിൽ നിയമപരമായി തടസം ഇല്ല. കേരള സംസ്ഥാന ഉൾനാടൻ ഫിഷറീസ് & അക്വാകൾച്ചർ (ഭേദഗതി) ആക്ട് 2021 സെക്ഷൻ 8(2) (ഇ) പ്രകാരം ഒരു വിള നെൽകൃഷിയെങ്കിലും ചെയ്യാൻ അനുയോജ്യമായ ഏതൊരു പാടത്തും അക്വാകൾച്ചർ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നത് സർക്കാരിന് ഗസറ്റഡ് വിജ്ഞാപനം വഴി സ്ഥിരമോ, താൽക്കാലികമോ ആയി പരിമിതപ്പെടുത്ത ലുകളോ, നിയന്ത്രണങ്ങളോ, നിരോധനങ്ങളോ ഏർപ്പെടുത്തുന്നതിന് വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ സർക്കാരിൽ നിന്ന് അത്തരം നോട്ടിഫിക്കേഷനുകൾ ഇതുവരെ ഉണ്ടായിട്ടില്ല. സർക്കാർ നോട്ടിഫിക്കേഷനുകൾ വഴി നിരോധനം ഏർപ്പെടുത്തുന്ന പാടശേഖരങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളതിൽ നെൽകൃഷിക്ക് അനുയോജ്യമല്ലെന്ന് ബന്ധപ്പെട്ട ജില്ലയിലെ പ്രിൻസിപ്പൽ അഗ്രിക്കൾച്ചർ ഓഫീസർ സാക്ഷ്യപ്പെടുത്തുന്ന പാടങ്ങൾക്ക് അക്വാകൾച്ചർ |

| | | | |
|---|---|---|---|
| | | | ലൈസൻസ് നൽകാൻ പ്രസ്തുത ആക്ട് പ്രകാരം വ്യവസ്ഥ ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ